# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5322      27.07.2015-ലെ മറുപടിക്ക്

## കറ്റപ്പുഴ മേൽപ്പാലം

| ചോദ്യം<br>ശ്രീ. മാത്യു റ്റി തോമസ് | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|---|
| (എ) റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് തിരുവല്ല മുനിസിപ്പാലിറ്റിയിലെ കറ്റപ്പുഴ മേൽപാലം പുനർനിർമ്മിക്കുവാൻ റെയിൽവേക്ക് അനുമതി നൽകിയിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ അത് എന്നാണെന്നും ഏത് ഉത്തരവ് പ്രകാരമാണെന്നും ഏത് ഉദ്യോഗസ്ഥനാണ് അനുമതി നൽകിയതെന്നും, അദ്ദേഹം ഇപ്പോൾ സർവ്വീസിൽ ഉണ്ടോ എന്നും, ഉന്നത ഉദ്യോഗസ്ഥരുടെയോ, സർക്കാരിന്റെയോ അംഗീകാരത്തോടെയാണോ അനുമതി നൽകിയത് എന്നും വ്യക്തമാക്കാമോ ; | (എ)<br>&<br>(ബി) | റയിൽവേ മേൽപാലങ്ങൾ നിർമ്മിക്കുന്നതിന്. റയിൽവേയ്ക്ക് സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമില്ല. റയിൽവേ സമർപ്പിക്കുന്ന പ്രസ്തുത പാലങ്ങളുടെ പദ്ധതിരേഖ വകുപ്പ് അംഗീകരിച്ച് നല്കുന്നതാണ് രീതി. ഇതനുസരിച്ച് തിരുവല്ല മുൻസിപ്പാലിറ്റിയിലെ കറ്റപ്പുഴ മേൽപ്പാല നിർമ്മാണത്തിന്റെ പദ്ധതി രേഖ അംഗീകരിച്ച് നല്കിയിട്ടുണ്ട്. റയിൽവേ അധികൃതർ തയ്യാറാക്കി നല്കിയ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്(GAD)-ൽ അന്നത്തെ പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പ് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. തീയതി രേഖപ്പെടുത്താതെയാണ് ഒപ്പ് വച്ചത്. ഒപ്പിട്ടു നല്കിയ ഉദ്യോഗസ്ഥൻ ഇപ്പോൾ സർവ്വീസിൽ ഇല്ല. ഉന്നത ഉദ്യോഗസ്ഥരുടെ അംഗീകാരം ഈ കാര്യത്തിൽ പതിവില്ലാത്തതിനാൽ വാങ്ങിയിട്ടില്ല. |
| (സി) പുതിയ മേൽപാലം പണിയുന്നത് റയിൽവേ തയ്യാറാക്കിയ ഡിസൈൻ പ്രകാരമാണോ; | (സി) | അതെ |
| (ഡി) പ്രസ്തുത ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടെയാണോ തയ്യാറാക്കിയത് ; | (ഡി) | റയിൽവേ തയ്യാറാക്കിയ പദ്ധതിരേഖ വകുപ്പ് അംഗീകരിച്ച് നല്കിയിട്ടുണ്ട്. |
| (ഇ) ഇത് സംബന്ധിച്ച് പൊതുമരാമത്ത് ഡിവിഷനിൽ എന്തെല്ലാം ഉത്തരവുകളും രേഖകളും സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ഇ) | ഡിവിഷനിൽ ഉത്തരവുകളൊന്നും സൂക്ഷിച്ചിട്ടില്ല |

PTO

(എഫ്) പുതിയ മേൽപാലവും അപ്രോച്ച് റോഡും റോഡപകടങ്ങൾ ക്ഷണിക്കുന്ന തരത്തിൽ അപായകരമായിട്ടാണ് രൂപകല്പന ചെയ്തിട്ടുള്ളത് എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന വ്യക്തമാക്കാമോ ;

(ജി) പുതിയ മേൽപാലവും അപ്രോച്ച് റോഡും സംബന്ധിച്ച് വ്യക്തത വരുത്തുന്നത് വരെ പഴയ മേൽപാലം പൊളിച്ചുമാറ്റരുതെന്ന മുഖ്യമന്ത്രിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; പുതുതായി നിർമ്മിച്ച മേൽപാലത്തിലേയ്ക്ക് മുത്തൂർ ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ പ്രവേശിക്കുന്നതിന് ഉള്ള തടസ്സങ്ങൾ മാറ്റുന്നതിന്, പഴയ മേൽപാലം ഇരിക്കുന്ന സ്ഥലത്ത് പുതിയ ഒരു പാലം കൂടി പണിത് അപായ സാദ്ധ്യതകൾ ഇല്ലാതാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ?

(എഫ്) & (ജി) പുതിയ മേൽപാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും രൂപകല്പന റോഡപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് സ്ഥലം എം. എൽ. എ.യുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും റയിൽവേ ഉദ്യോഗസ്ഥരുടെയും ഒരു യോഗം 22.6.2015 ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വിളിച്ചു ചേർക്കുകയും ബന്ധപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

(1) സ്ഥലവാസികൾക്ക് യാത്രയ്ക്ക് അസൗകര്യമുണ്ടാകാത്ത വിധത്തിൽ, പാലത്തിലേയ്ക്കുള്ള എല്ലാ സമീപ റോഡുകളും പൂർത്തിയാക്കുന്നതിന് തത്വത്തിൽ റയിൽവേ സമ്മതിച്ചിട്ടുണ്ട്.

(2) സ്ഥല ജനപ്രതിനിധികൾ (എം.എൽ.എ & എം.പി) അവരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പഴയ പാലത്തിന്റെ സ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ പാലത്തിനാവശ്യമായ നിർമ്മാണത്തിനുള്ള തുക നൽകുന്നതാണ്.

പുതുതായി നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലത്തിന് വടക്ക് വശത്ത് അപകട രഹിതമായ സംവിധാനം രൂപപ്പെടുത്തുവാനുള്ള അവശ്യ-നടപടികൾ കൈക്കൊള്ളുവാനും ആയതിന് ഒരു വ്യക്തത വരുന്നതുവരെ നിലവിലുള്ള മേൽപ്പാലം പൊളിച്ചു നീക്കരുതെന്നും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

Sd/-

**സെക്ഷൻ ഓഫീസർ**